പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 4834.

18.12.2014 ൽ മറുപടിക്ക്

ഗാർഹികാവശ്യത്തിനുള്ള എൽ.പി.ജി ഗ്യാസ് കൃത്യമായി ലഭ്യമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സാജു പോൾ: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഗാർഹികാവശ്യത്തിനുള്ള എൽ.പി.ജി ഗ്യാസ് ഉപഭോക്താക്കൾക്ക് കൃത്യമായി ലഭിക്കുന്നില്ല എന്ന വ്യാപക പരാതി പരിഹരിക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) പാചക വാതക വിതരണരംഗത്തെ അവശ്യസേവനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാചകവാതക സിലിണ്ടറുകളുടെ വിതരണത്തിലെ ക്രമക്കേടുകൾ സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ ഓപ്പൺ ഫോറങ്ങളിൽ താലൂക്ക് സപ്ലൈ ആഫീസർമാരും ഓയിൽ കമ്പനി പ്രതിനിധികളും പങ്കെടുത്ത് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പരാതി പരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ പാചക വാതക വിതരണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിച്ച് ആവശ്യത്തിന് വേണ്ട സിലിണ്ടറുകൾ വിപണിയിൽ ലഭ്യമാക്കുവാൻ എണ്ണക്കമ്പനികളുടെ സംസ്ഥാന തല കോ-ഓർഡിനേറ്ററിനോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) ഗ്യാസ് ഏജൻസികളുടെ പ്രവർത്തന സമയം ക്ലിപ്തപ്പെടുത്തിയിട്ടുണ്ടോ - എങ്കിൽ അതു വിശദമാക്കുമോ? | (ബി) ഉണ്ട്. രാവിലെ 8.30 മുതൽ വൈകിട്ട് 5.30 വരെ ഉച്ചയ്ക്ക് 1.00 മുതൽ 1.30 വരെ അരമണിക്കൂർ ഇടവേളയോടുകൂടിയാണ് പാചക വാതക വിതരണകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | എല്ലാ സർക്കാർ അവധി ദിനങ്ങളും ഗ്യാസ് ഏജൻസികൾക്ക് ബാധകമാണോ? | (സി) | അല്ല. |
| (ഡി) | നിശ്ചിത സമയപരിധിക്കുള്ളിൽ ഉപഭോക്താക്കൾക്ക് ഗ്യാസ് നിറച്ച സിലിണ്ടർ നൽകണമെന്ന് വ്യവസ്ഥയുണ്ടോ? എങ്കിൽ അത് വ്യക്തമാക്കുമോ? | (ഡി) | സാധാരണഗതിയിൽ സിലിണ്ടർ ബുക്ക് ചെയതാൽ 48 മണിക്കൂറിനകം ലഭ്യമാക്കാൻ ഓയിൽ കമ്പനികൾ ശ്രമിക്കാറുണ്ട് എന്നും, പ്രകൃതി ദുരന്തങ്ങൾ, സമരങ്ങൾ, ഹർത്താലുകൾ, സിലിണ്ടറുകളുടെ ലഭ്യതക്കുറവ് എന്നിവ മൂലം ഇതിൽ താമസം നേരിടാറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാന തല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ